## കത്തുകൾ/പ്രതികരണങ്ങൾ

കേരളീയം, കൊക്കാലെ, തൃശൂർ-680021
e-mail: mailkeraleeyam@gmail.com, 0487 2421385

### കണ്ടത് പറഞ്ഞാൽ...

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# ഇലക്ഷൻ കമ്മീഷൻ നീതിപാലിക്കുക

## ജനുവരി 25: ദേശീയ സമ്മതിദായക ദിനം

**ഇന്ത്യയിൽ** ഇലക്ഷൻ കമ്മീഷൻ 1950ൽ പ്രാബല്യത്തിൽ വന്നിട്ട് ടി.എൻ. ശേഷൻ വരുന്നതുവരെ കമ്മീഷൻ ഉറങ്ങിക്കിടന്നതിന് വോട്ടർമാരോട് മാപ്പുപറയുക.
- തെരഞ്ഞെടുപ്പിൽ നിന്ന് വോട്ടർമാർ വിട്ടുനിൽക്കുന്നത് കുറ്റകരമാക്കാനുള്ള നടപടികൾ പിൻവലിച്ച്, പൗരാവകാശം അംഗീകരിച്ച് വോട്ടർമാരോട് ക്ഷമ ചോദിക്കുക.
- വോട്ടർമാരെ ബൂത്തിലെത്തിക്കാൻ കാണിക്കുന്ന ഉത്സാഹം പോലെതന്നെ വിജയിച്ചവർ ജനഹിതത്തിനെതിരാകുമ്പോൾ തിരിച്ചുവിളിക്കാനുള്ള അധികാരത്തിന് വേണ്ടി ശ്രമിക്കാത്തതിന്റെ പേരിൽ വോട്ടർ മാരോട് മാപ്പുപറയുക.

ഇത്രയൊക്കെയാണെങ്കിലും ഇലക്ഷൻ കമ്മീഷന്റെ പ്രവർത്തനങ്ങൾ പ്രസക്തിയുള്ളതല്ലേ എന്നുതോന്നാം. അത് ശരിയുമാണ്. മൂന്ന് മാസമെങ്കിലും ശിക്ഷയനുഭവിച്ചവരെ സ്ഥാനാർത്ഥിയാക്കുന്നതിന് വിലക്ക് ഏർപ്പെടുത്താനുള്ള ശ്രമം, ബൂത്ത് പിടിച്ചെടുക്കലും കള്ള വോട്ടും നിയന്ത്രിക്കാനുള്ള നടപടികൾ, വോട്ടിംഗ് യന്ത്രത്തിൽ നോട്ടയ്ക്കുള്ള ബട്ടൺ നടപ്പിലാക്കി എന്നിവയ്ക്ക് മുൻകൈയെടുത്ത ഇലക്ഷൻ കമ്മീഷനെക്കുറിച്ചാണോ ഇങ്ങനെ കുറിക്കുന്നതെന്ന് തോന്നാം. ഇതെല്ലാം അംഗീകരിക്കുന്നു. എന്നാൽ ഇനി പറയുന്നത് ശ്രദ്ധിക്കുക. തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ സത്യപ്രതിജ്ഞ ചെയ്യുമ്പോൾ ഏറ്റുപറയുന്ന സത്യവാങ്മൂലം എന്താണെന്ന് ശ്രദ്ധിച്ചിട്ടുണ്ടോ. പക്ഷപാതമില്ലതെയും ഭേദമില്ലാതെയും ഞാൻ എന്റെ പദവിയിൽ നിർഭയമായി പ്രവർത്തിക്കും എന്നാണ് സത്യപ്രതിജ്ഞ പറയുന്നത്. ഇങ്ങനെ സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിലേറിയ ഗ്രാമസഭാ മെമ്പർമാർ മുതൽ പ്രധാനമന്ത്രിവരെയുള്ളവർ ഇത് പാലിക്കാത്തത് കണ്ടിട്ടും ഇക്കാര്യത്തിൽ വല്ല നടപടിയും ഉണ്ടാകുന്നുണ്ടോ? ജനപ്രതിനിധികളുടെ ഈ പൊള്ളത്തരത്തിനെതിരെ നടപടി കൈക്കൊള്ളാൻ തയ്യാറാകാത്ത ഇലക്ഷൻ കമ്മീഷനോട് ഇത്തരമൊരു തലക്കെട്ടല്ലാതെ മറ്റെന്താണ് കുറിക്കേണ്ടത്. സത്യപ്രതിജ്ഞാ വാചകം വായിച്ചുകൊണ്ട് നമുക്ക് ചർച്ച തുടരാം.

"....... ആയ ഞാൻ നിയമം വഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ........ എന്ന നിലയിലുള്ള എന്റെ കർത്തവ്യങ്ങൾ വിശ്വസ്തതയോടും മനസ്സാക്ഷിയെ മുൻനിർത്തിയും നിർവഹിക്കുമെന്നും ഭരണഘടനയും നിയമവും അനുസരിച്ച് ഭീതിയോ പക്ഷപാതമോ പ്രീതിയോ വിദ്വേഷമോ കൂടാതെ എല്ലാത്തരത്തിലുള്ള ജനങ്ങൾക്കും നീതിചെയ്യുമെന്നും ദൈവനാമത്തിൽ/ സഗൗരവം പ്രതിജ്ഞ ചെയ്യുന്നു."